# കില
## വാർത്താപത്രിക

VOLUME-8
ISSUE-2
FEBRUARY 2015

kila@kilaonline.org NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) www.kilaonline.org





സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിപ്രകാരം തെരഞ്ഞെടുത്ത തൈക്കാട്ടുശ്ശേരി, കടക്കരപ്പള്ളി, ആര്യാട് ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയപ്രവർത്തകർ എന്നിവരുടെ സംയുക്തയോഗം കിലയിൽ **കെ.സി.വേണുഗോപാൽ** എം.പി. ഉദ്ഘാടനം ചെയ്യുന്നു

# സൻസദ് ആദർശ് ഗ്രാമയോജനയ്ക്ക് കേന്ദ്രബജറ്റിൽ ഫണ്ട് വകയിരുത്തണം: കെ.സി.വേണുഗോപാൽ എം.പി

**കേന്ദ്രസർക്കാർ** പദ്ധതിയായ സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിക്കായി അടുത്ത കേന്ദ്ര ബജറ്റിൽ ഫണ്ട് വകയിരുത്തണമെന്ന് കെ.സി.വേണുഗോപാൽ എം.പി.ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ബഹുഭൂരിപക്ഷം എം.പി മാരും സമാന മനസ്ക്കരാണെന്നും അദ്ദേഹം പറഞ്ഞു. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആലപ്പുഴ ജില്ലയിലെ മൂന്നു ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പഞ്ചായത്ത് പ്രസിഡന്റുമാരുടേയും ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകരുടേയും സംയുക്ത യോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനു പ്രത്യേക ഫണ്ട് അനുവദിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഓരോ പഞ്ചായത്തിന്റെയും ആവശ്യമനുസരിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ തയ്യാറാക്കണം. ഗ്രാമങ്ങളെ ശക്തമാക്കാനുള്ള പദ്ധതികളുമായി മുന്നോട്ടു പോകണം. മഹത്തായ ജനകീയ പങ്കാളിത്തത്തോടെ പദ്ധതി വിജയിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീററർ എം.രാജ്, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. രാജ്യസഭാമെമ്പർമാരായ എ.കെ.ആന്റണിയും വയലാർ രവിയും തെരഞ്ഞെടുത്ത തൈക്കാട്ടുശ്ശേരി, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽനിന്നും കെ.സി.വേണുഗോപാൽ തെരഞ്ഞെടുത്ത ആര്യാട് ഗ്രാമപഞ്ചായത്തിൽനിന്നുമുള്ള വരാണ് യോഗത്തിൽ പങ്കെടുത്തത്. മൂന്നു പഞ്ചായത്തുകളും ആലപ്പുഴ പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെടുന്നവയാണ്.

തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ അടിസ്ഥാനപരമായ സാമൂഹ്യ-സാമ്പത്തിക സർവെ നടത്തി പ്രശ്നങ്ങൾ അപഗ്രഥിക്കുകയാണ് ആദ്യം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ട്, എം.എൽ.എ-എം.പി. ഫണ്ട്, പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചാണ് സമഗ്ര വികസനപദ്ധതിക്കു രൂപം നൽകുന്നത്. ഇതിലൂടെ പഞ്ചായത്തിനെ മാതൃകാപഞ്ചായത്താക്കി മാറ്റും. ഗ്രാമീണ റോഡുകളുടെ വികസനം, ആരോഗ്യ- വിദ്യാഭ്യാസരംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കൽ, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയെല്ലാം പദ്ധതിയുടെ ഭാഗമായിരിക്കും.



സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ജില്ലാ-ബ്ലോക്ക് കോർഡിനേറ്റർമാരുടെ സംസ്ഥാനതല യോഗത്തിൽ പ്രമുഖ ഗാന്ധിയനും ഏക്താ പരിഷതിന്റെ സ്ഥാപകനുമായ **പി.വി.രാജഗോപാൽ** മുഖ്യപ്രഭാഷണം നടത്തുന്നു

# ഗാന്ധിജി വിഭാവനം ചെയ്ത വികസനമാണ് വേണ്ടത്: പി.വി.രാജഗോപാൽ

ഗാന്ധിജി വിഭാവനം ചെയ്ത വികസനമാണ് ഭാരതത്തിനാവശ്യമെന്ന് പ്രമുഖ ഗാന്ധിയനും ഏക്താ പരിഷതിന്റെ സ്ഥാപകനുമായ പി.വി.രാജഗോപാൽ പറഞ്ഞു. സേവാഗ്രാം ഗ്രാമകേന്ദ്രവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ജില്ലാ-ബ്ലോക്ക് കോർഡിനേറ്റർമാരുടെ സംസ്ഥാനതല യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എല്ലാതരത്തിലുമുള്ള വിവേചനം ഒഴിവാക്കിയാൽ സേവാഗ്രാം വൻ വിജയമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.പീറ്റർ എം. രാജ് ആമുഖപ്രഭാഷണം നടത്തി. കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമത്തിൽ ജനിച്ച രാജഗോപാൽ ആദിവാസികളുടെ ക്ഷേമത്തിനായി 1991ൽ സ്ഥാപിച്ചതാണ് ഏക്താപരിഷത്. ആറു സംസ്ഥാനങ്ങളിലായി രണ്ടു ലക്ഷത്തിലേറെ അംഗങ്ങളുള്ള സംഘടനയിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഗാന്ധിയൻ രീതിയിൽ പത്ത് സംസ്ഥാനങ്ങളിൽ പദയാത്രയും 2007 ഒക്ടോബറിൽ ദൽഹിയിലേക്കു ദേശീയമാർച്ചും നടത്തി. ഗ്വാളിയോറിൽനിന്ന് ദൽഹിക്കുള്ള 340 കിലോമീറ്റർ യാത്രയിൽ കാൽ ലക്ഷം പേർ പങ്കെടുത്തു. ഭൂപരിഷ്ക്കരണം ത്വരിതപ്പെടുത്തുന്നതിന് ഈ മാർച്ച് സർക്കാരിൽ സമ്മർദ്ദം ചെലുത്തി. ഡോ.പീറ്റർ എം.രാജ്, ട്രെയിനിംഗ് അസോസിയേറ്റ് ഗീതാഞ്ജലി, പി.വി.രാമകൃഷ്ണൻ, കെ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.



നഗരവികസനത്തെക്കുറിച്ചും കെട്ടിടനിർമ്മാണത്തെക്കുറിച്ചുമുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ നഗരകാര്യസെക്രട്ടറി **എ.പി.എം.മുഹമ്മദ് ഹനീഷ്** ഉദ്ഘാടനം ചെയ്യുന്നു

# നഗരവികസനത്തെക്കുറിച്ച് എഞ്ചിനിയർമാർക്കു പരിശീലനം

നഗരവികസനത്തെക്കുറിച്ചും കെട്ടിടനിർമ്മാണത്തെക്കുറിച്ചും നഗരസഭകളിലെ എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കുമുള്ള രണ്ടുദിവസത്തെ പരിശീലനം നഗരകാര്യസെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷ് കിലയിൽ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, നഗരകാര്യഡയറക്ടർ ദേവദാസ്, കില അസോസിയേറ്റ് പ്രൊഫ. ഡോ.സണ്ണി ജോർജ്, റീജിണൽ ജോ.ഡയറക്ടർ സി.ശശിധരൻ, കോർഡിനേറ്റർ കെ.വി.ഗോവിന്ദൻ, കോഴിക്കോട് ഡെപ്യൂട്ടി ടൗൺപ്ലാനർ ടി.കെ.ഗിരീഷ്കുമാർ, മലപ്പുറം ഡെപ്യൂട്ടി ടൗൺപ്ലാനർ ഖാജാഷറഫുദ്ദീൻ എന്നിവർ സംസാരിച്ചു. ബിനു ഫ്രാൻസിസ്, കെ. ഹരികുമാർ, സ്വാമിദാസ്, സെയ്ഫുദ്ദീൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. 40 നഗരസഭകളിൽനിന്നുള്ള ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്. നഗരവികസനവും കെട്ടിടനിർമ്മാണവും എന്ന കൈപ്പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. നഗരസഭകളിലെ സെക്രട്ടറിമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കുമുള്ള രണ്ടുദിവസത്തെ പരിശീലനവും കിലയിൽ സംഘടിപ്പിച്ചു. കില അസോസിയേറ്റ് പ്രൊഫ.ഡോ. സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ. പി.പി.ബാലൻ മുഖ്യപ്രഭാഷണം നടത്തി.




സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥ- സാമൂഹ്യ-രഷ്ട്രീയ പ്രവർത്തകരുടേയും യോഗം കിലയിൽ **എം.കെ.രാഘവൻ** എം.പി.ഉദ്ഘാടനം ചെയ്യുന്നു

# സൻസദ് ആദർശ് ഗ്രാമയോജനയുടെ വിജയത്തിനു സാമൂഹ്യപങ്കാളിത്തം അനിവാര്യം: എം.കെ.രാഘവൻ എം.പി.

പ്രധാനമന്ത്രി പ്രഖ്യാപിച്ച സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി ഗാന്ധിയൻ സങ്കൽപ്പമാണെന്നും അതു യാഥാർത്ഥ്യമാക്കാൻ സാമൂഹ്യപങ്കാളിത്തം അനിവാര്യമാണെന്നും എം.കെ.രാഘവൻ എം.പി.അറിയിച്ചു. പദ്ധതിപ്രകാരം എം.പി. തെരഞ്ഞെടുത്ത കോഴിക്കോട് പാർലിമെന്റ് മണ്ഡലത്തിലെ ഉണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും യോഗം കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.എല്ലാ അർത്ഥത്തിലും സമ്പന്നമായ ഗ്രാമമാണ് ഈ പദ്ധതിയിലൂടെ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്. ജാതി-മത കക്ഷിരാഷ്ട്രീയത്തിനതീതമായ കൂട്ടായ്മയുണ്ടെങ്കിൽ മാത്രമെ ഇതു വിജയിക്കുകയുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, ഡോ.എബി ജോർജ്, പഞ്ചായത്തു സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി നാസർ എസ്റ്റേറ്റ് മുക്ക്, കില അസി. ഡയറക്ടർ കെ.എം.സലിം, എം.പി.യുടെ സെക്രട്ടറി ശ്രീകാന്ത്, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ, പ്രൊഫ. വിജയരാഘവൻ എന്നിവർ സംസാരിച്ചു.




തിരുവമ്പാടി നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **സി.മോയിൻകുട്ടി എം.എൽ.എ.** ഉദ്ഘാടനം ചെയ്യുന്നു

# സാഹചര്യങ്ങൾ വിലയിരുത്തി പദ്ധതികൾക്ക് മുൻഗണന നൽകണം: സി.മോയിൻകുട്ടി എം.എൽ.എ

**ഓരോ** മണ്ഡലത്തിന്റെയും സാമൂഹ്യ-സാംസ്കാരിക സാഹചര്യങ്ങൾ വിലയിരുത്തി വേണം പദ്ധതികൾക്കു മുൻഗണന നൽകാനെന്ന് സി.മോയിൻകുട്ടി എം.എൽ.എ. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇക്കോ ടൂറിസത്തിനു ഏറേ സാദ്ധ്യതയുള്ള മണ്ഡലമാണ് തിരുവമ്പാടിയെന്നും എം.എൽ.എ പറഞ്ഞു. കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ അദ്ധ്യക്ഷത വഹിച്ചു. അസി.ഡയറക്ടർ കെ.എം. സലിം സംസാരിച്ചു.

കാരശ്ശേരി, കോടഞ്ചേരി, കൊടിയത്തൂർ, കൂടരഞ്ഞി, മുക്കം, പുതുപ്പാടി, തിരുവമ്പാടി ഗ്രാമപഞ്ചായത്തുകളിലേയും കുന്നമംഗലം, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം വിവിധ മേഖലകളെക്കുറിച്ച് ഗ്രൂപ്പുചർച്ചകളും തടർന്ന് പൊതുചർച്ചയുമുണ്ടായി.ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.




കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ **വി.പി.സജീന്ദ്രൻ** എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

# കുന്നത്തുനാട് മണ്ഡലം വികസനകുതിപ്പിൽ: വി.പി.സജീന്ദ്രൻ എം.എൽ.എ


**കു**ന്നത്തുനാട് നിയോജകമണ്ഡലം വികസനകുതിപ്പിലാണെന്ന് വി.പി.സജീന്ദ്രൻ എം.എൽ.എ. നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 20,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടന്നുവരികയാണ്. 4,600 കോടിയുടെ മറ്റൊരു പ്രോജക്ട് കൂടി ഉടനെ നടപ്പിലാകും. ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികൾക്കു പ്രാവീണ്യം നൽകുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് കൂടുതൽ സ്കൂളുകളിലേക്കു വ്യാപിപ്പിക്കും. കേരളത്തിൽ ഇത്തരം ലാബുകൾ ആദ്യത്തേതാണെന്നും എം.എൽ.എ പറഞ്ഞു. കില അസോസിയേറ്റ് പ്രൊഫ.ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷത വഹിച്ചു. പരിശീലനവിഭാഗം ഡെപ്യൂട്ടി ഡയറക്ടർ എം.എഫ് അബ്ദുൾ ജവാദ്, അസി.ഡയറക്ടർ കെ.എം.സലിം, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മെമ്പർ ടി.വി.ഉദയഭാനു, കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ, പ്രൊഫ.എൻ.പി. വർഗീസ് എന്നിവർ സംസാരിച്ചു. വാഴക്കുളം, മഴുവന്നൂർ, കിഴക്കമ്പലം, കുന്നത്തുനാട്, വടവുകോട്-പുത്തൻകുരിശ്, തിരുവാണിയൂർ, പൂതൃക്ക, ഐക്കരനാട് ഗ്രാമപഞ്ചായത്തുകളിലേയും വടവുകാട്, വാഴക്കുളം ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.



മൊബൈൽ ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ബോധവൽക്കരണശിൽപ്പശാലയിൽ ടെലികോം എൻഫോഴ്സ്മെന്റ് മോണിറ്ററിംഗ് (ടേം)സെൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ **വി.രഘുനന്ദനൻ** സംസാരിക്കുന്നു

# മൊബൈൽ ടവർ: ആശങ്കകളും തെറ്റിദ്ധാരണകളും നീക്കാൻ സർക്കാർ ശ്രമം തുടങ്ങി

**മൊ**ബൈൽ ടവർ സ്ഥാപിക്കുന്നതിനുമുമ്പ് റേഡിയേഷനെക്കുറിച്ച് പരാതിപ്പെടുന്നത് നിരർത്ഥകമാണെന്ന് ടെലികോം എൻഫോഴ്സ്മെന്റ്, റിസോഴ്സ് ആന്റ് മോണിറ്ററിംഗ് (ടേം) സെൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (കേരള) വി.രഘുനന്ദനൻ പറഞ്ഞു. ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്കകളും തെറ്റിദ്ധാരണകളും നീക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ബോധവൽക്കരണ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ടവർ സ്ഥാപിക്കുന്നതിനു നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അദ്ദേഹം വിശദീകരിച്ചു.മൊബൈൽ സർവീസുമായി ബന്ധപ്പെട്ട പരാതികളും സർവീസിന്റെ നിലവാരവും അതു പരിശോധിച്ച് ഉറപ്പുവരുത്തുന്നതും ടെലിഫോൺ എൻഫോഴ്സ്മെന്റ് മോണിറ്ററിംഗ് വിഭാഗമാണ്. കേരളത്തിൽ 35,000 ടവറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. റേഡിയേഷൻ സംബന്ധിച്ച് 8,000 ടവറുകളുടെ പരിശോധന പൂർത്തിയായി. ഒന്നിൽ പോലും റേഡിയേഷന്റെ അതിപ്രസരണമുള്ളതായി കണ്ടെത്തിയിട്ടില്ല. ടവർ സ്ഥാപിച്ചതിനുശേഷമേ റേഡിയേഷന്റെ അളവു പരിശോധിക്കാനാകൂവെന്നും അദ്ദേഹം വ്യക്തമാക്കി. ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയുടെ സഹകരണത്തോടെ വിപുലമായ പരിശീലനപരിപാടിയാണുദ്ദേശിക്കുന്നത്. കില എക്സ്റ്റൻഷൻ ഫാക്കൽറ്റികളും ഹെൽപ്പ് ഡെസ്ക് കൺസൽട്ടന്റ്മാരും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ടേം ഡയറക്ടർ ടി.ശ്രീനിവാസൻ, കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ. കോർഡിനേറ്റർ കെ.എൽ. അലക്സാണ്ടർ എന്നിവർ സംസാരിച്ചു.



തദ്ദേശഭരണസ്ഥാപനങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫീസർമാർക്കുമുള്ള ഏകദിന പരിശീലനപരിപാടി കിലയിൽ സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷ്ണർ **കെ.ശശിധരൻ നായർ** ഉദ്ഘാടനം ചെയ്യുന്നു

# സർക്കാർ കടബാദ്ധ്യതയുള്ളവർക്ക് മത്സരിക്കാനാകില്ല: സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷ്ണർ

**സം**സ്ഥാന സർക്കാരിന്റെയും സർക്കാർ ഏജൻസികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കടബാധ്യതകൾ മാത്രമേ തദ്ദേഭരണ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ അയോഗ്യതയായി കണക്കാക്കുകയുള്ളൂവെന്ന് സംസ്ഥാന തെരഞ്ഞെടുപ്പുകമ്മീഷ്ണർ കെ.ശശിധരൻ നായർ പറഞ്ഞു. തദ്ദേശഭരണസ്ഥാപനങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫീസർമാർക്കുമുള്ള ഏകദിന പരിശീലനപരിപാടി കിലയിൽ ഉദഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സന്മാർഗികദൂഷ്യകുറ്റങ്ങൾക്ക് മൂന്നുമാസത്തിൽ കൂടുതൽ കാലം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്കും മത്സരിക്കാൻ അർഹതയുണ്ടായിരിക്കില്ല. ഫോട്ടോ പതിച്ച വോട്ടർ പട്ടികയും ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനും ഇത്തവണത്തെ തെരഞ്ഞെടുപ്പിലേർപ്പെടുത്തും. പ്രവാസികൾക്കു വോട്ടവകാശം അനുവദിക്കുന്നതായിരിക്കും വരുന്ന തെരഞ്ഞെടുപ്പിന്റെ മറ്റോരു പ്രത്യേകത. ഇതുസംബന്ധിച്ച് സുപ്രീംകോടതിയിൽ കേസ് നിലവിലുണ്ട്. പോളിംഗ് ബൂത്തുകൾ ആകർഷകമാക്കാനും സൂക്ഷ്മപരിശോധന അതീവ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാനും വരണാധികാരികൾ ശ്രദ്ധിക്കണമെന്നും തെരഞ്ഞെടുപ്പു കമ്മിഷ്ണർ നിർദ്ദേശിച്ചു.

കില അസോസിയേറ്റ് പ്രോഫ.ഡോ. പീറ്റർ എം.രാജ് അദ്ധ്യക്ഷത വഹിച്ചു.തെരഞ്ഞെടുപ്പു കമ്മീഷൻ ജോയിന്റ് സെക്രട്ടറി ഈപ്പൻ ഫ്രാൻസിസ്,കില അസി.പ്രൊഫ. ഇംതിയാസ് അലി എന്നിവർ സംസാരിച്ചു. ജോ. സെക്രട്ടറി സി.രാധാകൃഷ്ണക്കുറുപ്പ്, കമ്മീഷന്റെ ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വ. മുരളി പുരുക്ഷോത്തമൻ, കമ്മീഷ്ണറുടെ പ്രൈവറ്റ് സെക്രട്ടറി കെ.ടി. ജോർജ് എന്നിവർ ക്ലാസ്സെടുത്തു.



കിലയിൽ സംഘടിപ്പിച്ച നഗരസഭകളിലെ വിദ്യാഭ്യാസ സ്ററാൻഡിംഗ് കമ്മിററി അംഗങ്ങളുടെ പരിശീലനം

# വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശീലനം തുടങ്ങി

**ന**ഗരസഭകളിലെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ, അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം കിലയിൽ ആരംഭിച്ചു. അധികാര വികേന്ദ്രീകരണവും വിദ്യാഭ്യാസവും എന്നതിലൂന്നിയായിരുന്നു പരിശീലനം.കില അസോസിയേറ്റ് പ്രൊഫ.ഡോ. സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു.

കോർഡിനേറ്റർ കെ.വി.ഗോവിന്ദൻ സംസാരിച്ചു. വിദ്യാഭ്യാസ മേഖലയും നഗരസഭയുടെ ചുമതലകളും, കേന്ദ്ര-സംസ്ഥാനവിഷ്കൃത പദ്ധതികൾ, വിദ്യഭ്യാസ അവകാശ നിയമം, ശിശുസംരക്ഷണം, പ്രാദേശികാസൂത്രണം, നിർവഹണം, സ്ഥാപനമാനേജ് മെന്റ്, സംരക്ഷണപ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു. കൊല്ലം, കൊച്ചി കോർപ്പറേഷനുകളിൽനിന്നും, കാഞ്ഞങ്ങാട്, നീലേശ്വരം, നെടുമങ്ങാട്, കണ്ണൂർ, കൂത്തുപറമ്പ്, ചാവക്കാട്, ഷൊർണ്ണൂർ തുടങ്ങിയ നഗരസഭകളിൽനിന്നുമുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

# ചോദിക്കൂ പറയാം

? ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും ഫർണിച്ചർ, പുസ്തകം എന്നിവ പദ്ധതിപ്പണം ഉപയോഗിച്ച് വാങ്ങി നൽകാമോ?

● ഗ്രന്ഥശാലസംഘത്തിൽ അഫിലിയേറ്റ് ചെയ്ത ഗ്രാന്ഥശാലകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാലകൾക്കും പുസ്തകങ്ങളും ഫർണിച്ചറുകളും വാങ്ങി നൽകാം.(സ.ഉ.(സാധ) 2148/2014 തസ്വഭവ. തീയതി.19.8.2014)

? ബി.പി.എൽ റേഷൻ കാർഡുള്ള ഒരാൾക്കു ആനുകൂല്യം നൽകുന്നതിനു റേഷൻ കാർഡ് മാത്രം മാനദണ്ഡമാക്കിയാൽ മതിയോ?

● തദ്ദേശസ്വയംഭരണസ്ഥാപാനങ്ങളിൽനിന്നും പദ്ധതി ആനുകൂല്യം നൽകുന്നതു വരുമാനപരിധി അടിസ്ഥാനമാക്കിയും ഗുണഭോക്തൃതെരഞ്ഞെടുപ്പുവഴിയുമാണ്. 50,000 രൂപയിൽ കുറവ് വാർഷികവരുമാനമുള്ള കുടുംബങ്ങളെ പദ്ധതി ആനുകൂല്യത്തിനു ബി.പി എൽ. ആയി കണക്കാക്കി തെരഞ്ഞെടുക്കാവുന്നതാണ്. ബി.പി.എൽ. കാർഡ് അതിനുള്ള മാനദണ്ഡമല്ല. വരുമാനം തിട്ടപ്പെടുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനയിലൂടെയാണ്. സംശയമുള്ള സാഹചര്യത്തിൽ റവന്യു അധികാരികളിൽനിന്നു സാക്ഷ്യപത്രം വാങ്ങാവുന്നതാണ്.(പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ജി.ഓ(എം.സ്)362/2014 തസ്വഭവ.തീയതി.16.11.2013).

? ബി.പി.എൽ. സാക്ഷ്യപത്രം നൽകുന്നതിനു മുനിസിപ്പൽ/പഞ്ചായത്ത് സെക്രട്ടറിയെ അനുവദിച്ച് ഉത്തരവുണ്ടോ?

● വിവരാവകാശനിയമപ്രകാരം ഫീസ് ഒടുക്കാതെ അപേക്ഷ നൽകുന്നതിനു ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നു കാണിച്ച് സാക്ഷ്യപത്രം നൽകുന്നതിനു മുനിസിപ്പൽ/കോർപ്പറേഷൻ/പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(എം.എസ്) നമ്പർ 41/2008/തസ്വഭവ.തീയതി.14.2.2008),സ.ഉ.(കൈ)145/2014/തസ്വഭവ.തീ.13.8.14

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുമ്പോൾ പാലിക്കേണ്ട പ്രൊട്ടോക്കോൾ വ്യവസ്ഥകൾ വ്യക്തമാക്കാമോ?

● സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കു പ്രത്യേകമായി ഒരു പ്രൊട്ടോക്കോൾ വ്യവസ്ഥ നിലവിലില്ല. എന്നാൽ സർക്കാരിന്റെ നിലവിലെ പ്രൊട്ടോക്കോൾ മര്യാദകൾ പാലിക്കാൻ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്. നിയമസഭാസാമാജികന്മാർക്കു പ്രൊട്ടോക്കോൾ സംബന്ധമായ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിൽ സർക്കാരിന്റെ പ്രൊട്ടോക്കോൾ മര്യാദകൾ പാലിച്ചുകൊണ്ടായിരിക്കണം പൊതുപരിപാടികൾ സംഘടിപ്പിക്കേണ്ടത്.(സർക്കുലർ നമ്പർ ഇ.എം.1/150/2014 തസ്വഭവ. തീയതി.18.12.2014)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും ടെണ്ടർ വിളിച്ചു വാങ്ങാമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിനു വിവിധ സ്ഥാപനങ്ങളെ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ കെൽട്രോണിൽനിന്നും എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങാം. എൽ.ഇ.ഡി ഒഴിച്ചുള്ള തെരുവുവിളക്കു ഉപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, ഗാരണ്ടി

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ–0487 2204097**

നൽകൽ എന്നീ ചുമതലകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ എറണാകുളം ജില്ലകളിലേക്കു കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനേയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട്, പാലക്കാട് ജില്ലകളിലെ മുഴുവൻ പ്രവർത്തികളും ക്രൂസ് മുഖേന തുടരുവാനുമാണ് ഉത്തരവ്.( സ.ഉ. (സാധാ.നമ്പർ 2/2015/ തസ്വഭവ. തീയതി.1.1.2015)

? പക്ഷി–മൃഗാദികളെ വളർത്തുന്നതിനു ലൈസൻസ് എടുക്കണമെന്നു പറയുന്നു. എത്ര എണ്ണം വളർത്തുന്നതിനാണ് ലൈസൻസ് എടുക്കേണ്ടത്?

● പക്ഷി–മൃഗാദികളെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. താഴെ പറയുന്ന എണ്ണത്തിൽ കൂടുതലാണെങ്കിൽ മാത്രമേ ലൈസൻസ് ആവശ്യമുള്ളൂ. എണ്ണം കൂടുന്നതിനനുസരിച്ച് ഒന്നുമുതൽ ആറുവരെ ക്ലാസിഫിക്കേഷൻ അനുസരിച്ച് ലൈസൻസുകളുടെ തരം തിരിച്ചിട്ടുണ്ട്. കന്നുകാലികൾ–5 എണ്ണത്തിൽ കൂടുതൽ, ആടുകൾ– 20 എണ്ണത്തിൽ കൂടുതൽ, പന്നികൾ–5 എണ്ണത്തിൽ കൂടുതൽ, മുയലുകൾ– 25 എണ്ണത്തിൽ കൂടുതൽ, പൗൾട്രി– 100 പക്ഷികളിൽ കൂടുതൽ. (സ.ഉ. (അ) നമ്പർ.101/2012/തസ്വഭവ. തീയതി.13.4.2012) കൂടാതെ പട്ടികൾക്കുള്ള ലൈസൻസ് ഒരു പട്ടിയാണെങ്കിലും വേണം.

? ജനന റജിസ്റ്ററിൽ കുട്ടിയുടെ പേരുചേർക്കുന്നതിനും തിരുത്തുന്നതിനും മാതാപിതാക്കളുടെ സംയുക്ത അപേക്ഷ വേണമെന്നു പറയുന്നു. എന്നാൽ വിവാഹബന്ധം വേർപ്പെടുത്തിയ കേസുകളിലും മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ മരണപ്പെട്ടുപോയ കേസുകളിലും എങ്ങനെ സംയുക്ത അപേക്ഷ സമർപ്പിക്കും?

● വിവാഹബന്ധം വേർപ്പെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ആരെങ്കിലുമൊരാൾ ഉപേക്ഷിച്ചു പോയിട്ടുള്ളതോ മരണപ്പെട്ടുപോയിട്ടുള്ളതോ ആയ കേസുകളിൽ മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന റജിസ്റ്ററിൽ പേരു തിരുത്തി നൽകാവുന്നതാണ്. എന്നാൽ ഇത്തരം സന്ദർഭത്തിൽ മാതാവ്/ പിതാവ്/ കുട്ടി എന്നിവരിൽ ആരാണോ അപേക്ഷകൻ അവരുടെ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും തിരുത്തലിനുള്ള മറ്റെല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടായിരിക്കണം തിരുത്തൽ വരുത്തേണ്ടത്.(സർക്കുലർ നമ്പർ.55762/ആർ.ഡി.3/14/ തസ്വഭവ.തീയതി.18.12.2014)

? പട്ടികജാതി–പട്ടികവർഗ്ഗ പദ്ധതിപ്രകാരം വ്യക്തിഗത ആനുകൂല്യം ഗ്രാമപഞ്ചായത്തിനു മാത്രമേ കഴിയുകയുള്ളു. ബ്ലോക്ക് പഞ്ചായത്തിനു അനുവദിക്കാമോ?

● പട്ടികജാതി പട്ടികവർഗ്ഗ, വനിതാഘടകപദ്ധി, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ശിശുക്കൾ, എന്നിവർക്കുള്ള പദ്ധതികൾ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിനും ജില്ലാപഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും ഏറ്റെടുക്കാം. ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പ്രകാരം മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ പാടുള്ളൂ. (സ.ഉ.(സാധാ) നമ്പർ 3161/ 14/ ത സ്വ ഭ വ . തീയതി 2.12.2014



പട്ടികവർഗ്ഗ സംസ്ഥാനമായ അരുണാചൽ പ്രദേശിൽന്നുള്ള ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാക്കും സെക്രട്ടറിമാർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലപരിപാടി കില ഡയറക്ടർ ഡോ.**പി.പി.ബാലൻ** ഉദ്ഘാടനം ചെയ്യുന്നു.

# അരുണാചൽ–മഹാരാഷ്ട്രസംഘങ്ങൾ കിലയിൽ

**സംസ്ഥാനത്തെ** ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും വികേന്ദ്രീകൃതാസൂത്രണത്തെക്കറിച്ചു പഠിക്കുന്നതിനും അരുണാചൽ പ്രദേശിൽനിന്നും മഹാര്ഷ്ട്രയിൽനിന്നുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടുങ്ങുന്ന രണ്ടു പ്രതിനിധിസംഘങ്ങൾ കിലയിലെത്തി. പട്ടികവർഗ്ഗ സംസ്ഥാനമായ അരുണാചൽ പ്രദേശിൽന്നുള്ള പതിനെട്ടംഗസംഘത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരടങ്ങുന്ന മഹാരാഷ്ട്രസംഘത്തിൽ 19 പേരുണ്ട്. മഹാരാഷ്ട്രസംഘം അഞ്ചുദിവസവും അരുണാചൽ സംഘം ഒരു ദിവസവുമാണ് കിലയിൽ ചെലവിടുന്നത്.

കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലന പരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കില അസോസിയേറ്റ് പ്രൊഫ.ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാ ആസൂത്ര ബോർഡ് മുൻ ജോ.ഡയറക്ടർ ജെ.നെൽസൺ, ഒ.ജെ. ജോൺ, കുടുംബശ്രീ ജില്ലാ മിഷനിലെ ഡോ.ബിന്ദു, പ്രൊഫ.ടി.രാഘവൻ, എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ഇടുക്കി ജില്ലാപഞ്ചായത്ത്, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ അരുണാചൽ സംഘവും എറണാകുളം ജില്ലാപഞ്ചായത്ത്, കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, ആനപ്പന്തം ആദിവാസി കോളനി എന്നിവിടങ്ങളിൽ മഹാരാഷ്ട്രസംഘവും സന്ദർശിക്കും.



പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ക്ലാർക്കുമാർക്കു പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാല.

# പദ്ധതിപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ക്ലാർക്കുമാർക്കു പരിശീലനം

**പഞ്ചവത്സരപദ്ധതി** പ്രവർത്തനങ്ങൾ ത്വരിതപെടുത്തുന്നതിനു പദ്ധതിപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ക്ലാർക്കുമാർക്കു പരിശീലനം നൽകാൻ കില തീരുമാനിച്ചു. പരിശീലന വിഷയങ്ങൾ തയ്യാറാക്കുന്നതിനു ചേർന്ന യോഗത്തിൽ കില ഡയറക്ടർ ഡോ. പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ഡയറക്ടർ എ.സെയ്ത്, സ്റ്റേറ്റ് പെർഫോർ മൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ള, കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ സി.രാധാകൃഷ്ണൻ, വി.ജി. ശശിധരൻ, ഇൻഫർമേഷൻ കേരള മിഷനിലെ (ഐ.കെ.എം) സോഫ്റ്റ് വെയർ എഞ്ചിനീയർ രാജേഷ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ പങ്കെടുത്തു.



പ്രാദേശികഭരണത്തെക്കുറിച്ച് പ്ലസ്-2 വിദ്യാർത്ഥികൾക്കായി കില സംഘടിപ്പിച്ച വിജ്ഞാനവ്യാപന പരിപാടിയുടെ സംസ്ഥാനതല ക്വിസ് മത്സരത്തിന്റെ സമാപനച്ചടങ്ങിൽ **സി.പി. നാരായണൻ** എം.പി. സംസാരിക്കുന്നു

## പ്ലസ്–2 വിദ്യാർത്ഥികളുടെ വിജ്ഞാനവ്യാപനപരിപാടിയിൽ കണ്ണൂർ ജില്ലയ്ക്ക് ഒന്നാംസ്ഥാനം

പ്രാദേശികഭരണത്തെക്കുറിച്ച്പ്ലസ്-2 വിദ്യാർത്ഥികൾക്കായി കില സംഘടിപ്പിച്ച വിജ്ഞാനവ്യാപന പരിപാടിയുടെ സംസ്ഥാനതല ക്വിസ് മത്സരത്തിൽ കണ്ണൂർ ജില്ല ഒന്നാംസ്ഥാനം കരസ്ഥമാക്കി. കൊല്ലം ജില്ലയ്ക്ക് രണ്ടാംസ്ഥാനവും കോഴിക്കോടിനു മൂന്നാംസ്ഥാനവും ലഭിച്ചു. പതിമൂന്നു ജില്ലകളിൽനിന്നുള്ള ടീമുകളാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടിയത്. ഇവർക്കു നടത്തിയ എഴുത്തു പരീക്ഷയിൽ വിജയിച്ച പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, കൊല്ലം ജില്ലകളിലെ ടീമുകൾ അവസാന റൗണ്ടിൽ കടന്നു. വിജയികൾക്കുള്ള ട്രോഫികളും സർട്ടിഫിക്കറ്റുകളും സി.പി.നാരായണൻ എം.പി. വിതരണം ചെയ്തു. ഡോ.പി. അഹമ്മദും കെ.ബാലചന്ദ്രനുമായിരുന്നു ക്വിസ് മാസ്റ്റർമാർ. കോർഡിനേറ്റർ ഡോ.എസ്.വിനോദ് നേതൃത്വം നൽകി. സമാപനച്ചടങ്ങിൽ രാജ്യസഭാംഗം സി.പി.നാരാണൻ മുഖ്യാതിഥിയായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു.കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ സംസാരിച്ചു.അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ അവബോധമുണ്ടാക്കുകയും പ്രാദേശികഭരണസംവിധാനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയുമായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. ജനപങ്കാളിത്തം ക്രിയാത്മകമാക്കുന്നതിനുള്ള പരിപാടിയുടെ ഭാഗമാണിത്. തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറിൽ പരം ഹയർ സെക്കണ്ടറി സ്കൂളുകളിലെ അര ലക്ഷം വിദ്യാർത്ഥികൾക്കായിരുന്നു പരിശീലനം നൽകിയത്. സ്കൂൾ തലത്തിൽ നടത്തിയ എഴുത്തുപരീക്ഷയിൽ 1,2,3 സ്ഥാനങ്ങൾ നേടിയവർ ജില്ലാതലമത്സരത്തിലേക്കും ജില്ലാതലത്തിൽ ഉന്നത വിജയം നേടിയവർ സംസ്ഥാനതലത്തിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.



പ്രാദേശികഭരണത്തെക്കുറിച്ച് പ്ലസ്-2 വിദ്യാർത്ഥികൾക്കായി കില സംഘടിപ്പിച്ച വിജ്ഞാനവ്യാപന പരിപാടിയുടെ സംസ്ഥാനതല ക്വിസ് മത്സരിത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ കണ്ണൂർ ജില്ലാ ടീം

## സാനിട്ടറി യുണിറ്റിന്റെ യുണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചു

വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ യുണിറ്റ് കോസ്റ്റ്15,400 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. 2.10.2014 മുതൽ എഗ്രിമെന്റ് വെച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് കക്കൂസിനു 13,400 രുപയും സോക് പിറ്റ് കമ്പോസ്റ്റ്പിറ്റ് എന്നിവ്ക്കു 1,000 രൂപ വീതവുമാണ് ലഭിക്കാൻ അർഹത. ഇതിൽ 12,000 രൂപ സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) അനുവദിക്കും. ബാക്കി 3,400 രൂപ പഞ്ചായത്തിന്റെ വികസന തനതു ഫണ്ടിൽനിന്ന് വകയിരുത്തേണ്ടതാണ്.(സർക്കാർ ഉത്തരവ് സാധാ) നമ്പർ 3507/2014 ത സ്വ ഭ വ .തീയതി 31.12.2014)


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)